രാധാകൃഷ്ണൻ ക്ലിനിക്കു° വിട്ട

(റോയിട്ടർ) ലണ്ടൻ ഏ. 3

വിജയകരമായ ഒരു ശസ്ത്രക്രിയയ്ക്കുശേഷം പ്രസിദ്ധ ണ്ടു° രാധാകൃഷ്ണൻ ഇന്നു° ലണ്ടൻ ക്ലിനിക്കു° വിട്ടു. അദ്ദേ ഹത്തിന്റെ സ്ഥിതി ഇപ്പോൾ വളരെ മെച്ചപ്പെട്ടിട്ടുണ്ടെ ന്നും° ഒരു ഇന്ത്യാ ഹൌസു° വക്താവു° പറഞ്ഞു.

Reg: No K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B A.

'തൊഴിലാളി' വാർഷിക നിരക്കു°

	പോസ്റ്റാപ്പീസ്	വാരാന്ത്യപ്പതിപ്പു് പോസ്റ്റുവഴി
ഒരു കൊല്ലത്തേയ്ക്കു°	27_00	6_00
6 മാസത്തേയ്ക്കു°	13_50	3_00
1 മാസത്തേയ്ക്കു°	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്കു°		
വാരാന്ത്യപ്പതിപ്പു് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

വാല്യം 12 | ലക്കം 91 | 1965 ഏപ്രിൽ 4 ഞായർ തൃശ്ശൂർ | വില 10 പൈസ | പേജു° 6

മോസ്കോയിൽ അയൂബിനു° തളർന്ന സ്വീകരണം

ഷെയ്ക്കിന്റെ ഇരട്ടത്താപ്പിനെ പ്പറ്റി സാദിക്കു°

(പി. ടി. ഐ.) ജമ്മു ഏ. 3

ഒരിന്ത്യൻ പൌരനെന്ന നിലയിൽ വിദേശത്തുപോയ ഷെയ്ക്കു° അബ്ദുള്ളയ്ക്കു° ഇന്ത്യയ്ക്കെതിരായി സംസാരിക്കുന്നതിനുള്ള ധാർമ്മികമോ, നിയമപരമോ ആയ അവകാശമില്ലെന്നു° കാഷ്മീർ പ്രധാനമന്ത്രി സാദിക്കു° ഇവിടെ പ്രസ്താവിച്ചു.

ഷെയിക്കിനു പാസ്സ്പോർട്ടു° കൊടുത്തതിനെ അദ്ദേഹം ന്യായീകരിച്ചു കാരണം ലോകജനതയുടെ മുമ്പിൽ തന്റെ തനിനിറം വ്യക്തമാക്കുവാൻ ഷെയിക്കിനു° അവസരം കൊടുത്തതു° വാസ്തവത്തിൽ ഔദാര്യമല്ല കടപ്പാടുകൊണ്ടാണു°. കരച്ചുമൊക്കെ സഹായകരമായിട്ടുണ്ടു°. ഷെയിക്കു° ഒരു ഇരട്ടത്താപ്പുകാരനാണെന്നു° ഇപ്പോൾ ലോകത്തിനു മനസ്സിലായി. മുഖം അദ്ദേഹം ചായത്തിരുന്നതു° എന്താണെന്നും ഇപ്പോൾ അദ്ദേഹം പറയുന്നതു° എന്തിനെന്നും എല്ലാവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. ഷെയ്ക്കിനു പാസ്സ്പോർട്ടു കൊടുത്തതിൽ ഇന്ത്യയുടെ അന്തസ്സു° വിദേശങ്ങളിൽ ഉയർന്നിട്ടേയുള്ളൂ. ഇന്ത്യയുടെ വിശാലഹൃദയത്വം അവക്കിപ്പോഴും മനസ്സിലാക്കുവാൻ കഴിഞ്ഞു.

....

അയൂബ്-ചൌ ചർച്ച

(പി ടി ഐ) ഡാക്ക, ഏ. 3

സോവിയാറ്° യൂണിയനിലേയ്ക്കു° പുറപ്പെടുന്നതിനുമുമ്പായി പ്രസിഡണ്ടു° അയൂബ്ഖാനുമായി ചില അന്താരാഷ്ട്രപ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ തനിക്കു വസരമുണ്ടായെന്നു° ചൈനീസ് പ്രധാനമന്ത്രി ചൌ-എൻ-ലായി ഇവിടെ പ്രസ്താവിച്ചു.

ഒരുദിവസത്തെ കറാച്ചി സന്ദർശനത്തിനുശേഷം ചൌ ഇന്നുരാവിലെ റാവൽപ്പിണ്ടിയിലേക്കു° പോകുകയായിരുന്നു. സോവിയറാ° യൂണിയനിലെ അയൂബിന്റെ ഔദ്യോഗിക പര്യടനത്തിനു° എല്ലാവിജയങ്ങളും ചൌ ആശംസിച്ചു.

.....

സ്വാഗതമോതുവാൻ നീലാകാശത്തിൽനിന്നുള്ള സൂര്യകിരണങ്ങളാം മാത്രം

[പി. ടി. ഐ.] മോസ്കോ ഏ. 3

നോവിയറാ° ഗവണ്മെണ്ടിന്റെ രക്ഷണനമനസരിച്ചു° 8-ദിവസത്തെ സന്ദർശനാർത്ഥം പാക് പ്രസിഡണ്ടു° മി. അയൂബ് ഖാൻ കറാച്ചിയിൽനിന്നും വിമാനമാർഗ്ഗം ഇന്നിവിടെ എത്തിച്ചേർന്നിരിക്കുന്നു.

സോവ്യറാ° യൂണിയൻ സന്ദർശിക്കുന്ന പ്രഥമ പാക്കിസ്ഥാൻ ഭരണത്തലവനായ മി. അയൂബിനെ സ്വീകരിക്കുന്നതിനു പ്രധാനമന്ത്രി മി. അലെക്സി കോസിജിൻ വിമാനത്താവളത്തിലെത്തിയിരുന്നു. സോവ്യറാ° ഉപപ്രധാനമന്ത്രി മി എമിലിയൻ പോലുഡ്നീ, സുപ്രീം സോവ്യറാ° പ്രസീഡിയം വൈസ്പ്രസിഡണ്ടു° മി. സെയ്ൻകൊറോത്പൈകി, സോവിയറാ ഉദ്യോഗസ്ഥന്മാർ, പാക് അമ്പാസിസർ മി. ഇക്ബാൽ അതാർ തുടങ്ങിയരും വിമാനനിലയത്തിൽ സന്നിഹിതരായിരുന്നു.

വിമാനത്താവളത്തിലെ ഔപചാരിക ചടങ്ങുകൾക്കശേഷം അയൂബ്ഘാനും പട്ടിയും ക്രെംലിനിലേയ്ക്കു കാറോടിച്ചുപോയി. വഴിയിൽ സോവ്യറാ°-പാക് പതാകകളും നാട്ടപ്പെട്ടിരുന്നു. 'അയൂബ്ഘാനു° സ്വാഗതം, സമാധാനത്തിനും രാജ്യനന്മയ്ക്കുവേണ്ടിയുള്ള സഹകരണത്തിനുംവേണ്ടി പാക്-സോവ്യറാ° ജനങ്ങൾ തമ്മിൽ സൌഹാർദ്ദവും സഹകരണവും വികസിക്കട്ടെ' എന്നും മറ്റുമുള്ള ബാനറുകളും തെരുവുകളിൽ കാണപ്പെട്ടു.

രാഷ്ട്രത്തലവന്മാരുടെ ആഗമനവേളയിൽ മോസ്കോ റേഡിയോവും ടെലിവിഷനും സാധാരണ റ്റ്സിംഗ്കമൻററിയും മറ്റു പരിപാടികളും പ്രക്ഷേപണം ചെയ്യാറുണ്ടു°. എന്നാൽ അയൂബ്ഖാന്റെ സന്ദർശനവേളയിൽ അത്തരമൊരു പരിപാടിയും നടന്നകണ്ടില്ല.

വിമാനത്താവളത്തിൽനിന്നും ക്രെംലിനിലേയ്ക്കുള്ള 33-കിലോമീറാർ ദൂരം വിജനമായി കാണപ്പെട്ടു. അയൂബിനെ സ്വാഗതം ചെയ്തുകൊണ്ടുള്ള ഒരു ജനക്കൂട്ടത്തേയും ദൃശ്യമായില്ല.

ഒരു മോട്ടോർ സൈക്കിളിന്റെ അകമ്പടിയോടെ ഔദ്യോഗിക കാര്യമായ മെച്ചങ്ങൾ ഉളവായിട്ടുണ്ടെന്നും ദിഗോൾ പ്രസ്താവിച്ചു.

....

2000 പാക്കിസ്ഥാനികൾ ഹോഗ്രാമിൽ മടങ്ങിയെത്തി

(പി. ടി. ഐ.) കൽക്കട്ട, ഏ. 3

മാർച്ചു° 31-നുമുമ്പായി ഒപ്പുവെച്ച വെടിനിർത്തൽ കരാറിനെ തുടർന്നു° രണ്ടായിരത്തോളം പാക്കിസ്ഥാനികൾ 19 ഉദ്യോഗസ്ഥന്മാരുടെ അകമ്പടിയോടെ ഹോഗ്രാമിലേക്കു° മടങ്ങിയെത്തിയിട്ടുള്ളതായി ഇന്നലെ രാത്രി പോലീസു° കേന്ദ്രത്തിൽ വിവരം ലഭിച്ചിരിക്കുന്നു.

.....

സച്ചയെ കൊണ്ടുവരുവാൻ പോയവർ വെറും കയ്യായി മടങ്ങി

[പി ടി ഐ] ന്യൂഡൽഹി, ഏ 3

സച്ചാസിങ്ങിനെ നേപ്പാളിൽനിന്നു വിട്ടുകിട്ടുന്നതിനുള്ള നടപടികൾക്കു° അവിടത്തെ ഇന്ത്യ " എമ്പസി ഉദ്യോഗസ്ഥന്മാരെ സഹായിക്കുന്നതിനു° കാട്ടു° മാണ്ടുവിലേക്കു° പോയിരുന്ന പഞ്ചാബു° ഗവണ്മെണ്ടിന്റെ രണ്ടു° ഉന്നത ഉദ്യോഗസ്ഥന്മാർ ഇന്നലെ ഉച്ചിയോടെ മടങ്ങിയെത്തി.

പ്രസ്തുത നടപടികൾക്കു° സഹായകരമായി കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനാണു° അവർ മടങ്ങി വന്നതു°

ഒന്നോ രണ്ടോ ദിവസത്തിനകം അവർ വീണ്ടും കാട്ടു° മാണ്ടുവിലേക്കു° പോകുന്നതാണു°.

അടുത്ത ഏതാനും ദിവങ്ങൾക്കുള്ളിൽ സച്ചായെ തിരിച്ചുകൊണ്ടുവരുവാൻ കഴിയുമെന്നാണു° ഔദ്യോഗികവൃത്തങ്ങളിലെ ആശ.

അയൂബിനെ സോസ്കോ വിലേക്കു° അയയ്ക്കാൻ

ചൌഎൻലായി വിമാനത്താവളത്തിലെത്തി

[പി. ടി. ഐ] കറാച്ചി, ഏ. 3

സോവിയാറ° യൂണിയനിൽ 8 ദിവസത്തെ ഔദ്യോഗിക സന്ദർശനാർത്ഥം കാര്യമന്ത്രി കീർത്തിനിധിവിസ്സയും, നേപ്പാൾഗവണ്മെണ്ടു° ഉദ്യോഗസ്ഥന്മാരും, ഒട്ടേറെ ചൈനാക്കാരും സന്നിഹിതരായിരുന്നു.

ബ്രിട്ടനും, ഫ്രാൻസും കൂടുതൽ അടുത്തേക്കും

വിൽസൺ-ഭിരോൾ ചർച്ച തുടരുന്നു

[റോയിട്ടർ] പാരീസ് ഏ. 3

ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് വിൽസനും, ഫ്രഞ്ച് പ്രസിഡണ്ടു° ദിഗോളും തമ്മിൽ 140 മിനിട്ടു° നീണ്ടുനിന്ന ഒരു കൂടിക്കാഴ്ച നടന്നിരിക്കുന്നു.

സൌഹാർദ്ദപരമായ ഒരന്തരീക്ഷത്തിലാണു° കൂടിക്കാഴ്ച നടന്നതെന്നു ഒരു അഭിജ്ഞവൃത്തം പറഞ്ഞു.

യൂറോപ്യൻ പൊതുവിപണിയിലേക്കുള്ള ബ്രിട്ടന്റെ പ്രവേശനത്തെ ദിഗോൾ തടഞ്ഞതിനുശേഷം ഇരുരാഷ്ട്രങ്ങളിലെയും ഉന്നതന്മാർ തമ്മിലുണ്ടായ ആദ്യത്തെ സമ്മേളനമാണിതു°. കിഴക്കു-പടിഞ്ഞാറു° ബന്ധങ്ങളും, സാറോസംഖ്യം, മദ്ധ്യപൌരസ്ത്യദേശവും, ആഫ്രിക്കയും-ഇവയെക്കുറിച്ചെല്ലാം ഇരുനേതാക്കളുടേയും ചർച്ചക്കു° വിധേയമായി. കൂടുതായ പ്രവർത്തനങ്ങൾക്കുള്ള ക്രിയാത്മകമായ സാദ്ധ്യതകളിലാണു° ചർച്ചകൾ കേന്ദ്രീകരിച്ചതെന്നു° പ്രസ്തുതവൃത്തം പുറത്തിരിച്ചുണ്ടു°. പക്ഷെ അതേ സന്ദർഭത്തിൽ ഇരുരാഷ്ട്രങ്ങളും തമ്മിലുള്ള മൌലികമായ അഭിപ്രായവ്യത്യാസങ്ങൾ പരാമർശിക്കപ്പെടാതെ ഇരുന്നില്ല.

സംഭാഷണങ്ങൾ എങ്ങിനെയിരുന്നുവെന്ന പത്രക്കാരുടെ ചോദ്യത്തിനു° വിൽസൺ പറഞ്ഞതു° 'നന്നായിരുന്നു' എന്നാണു°. കൂടുതൽ വിശദാംശങ്ങളിലേക്കു° അദ്ദേഹം കടന്നില്ല. നാളെ കൂടുതൽ എന്തെങ്കിലും പറയുവാൻ കഴിയുമെന്നു° അദ്ദേഹം ആശ പ്രകടിപ്പിച്ചു. ചർച്ച കഴിഞ്ഞു° ഇറങ്ങിയപ്പോൾ എലിസി കൊട്ടാരത്തിന്റെ ചവിട്ടുപടിവരെ ദിഗോൾ വിൽസനെ അനുഗമിക്കുകയും ഹസ്തദാനം നല്കുകയും ചെയ്തു. നാളെ ഇരുനേതാക്കളും വീണ്ടും സമ്മേളിക്കുന്നതാണു°.

സല്ക്കാരം

കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതലായ സൌഹാർദ്ദബന്ധങ്ങളും ഇരുരാഷ്ട്രങ്ങളും തമ്മിൽ ഉണ്ടാകുന്നതിനു° ഈ ചർച്ചകൾ ഉപകരിക്കുമെന്നു° താൻ വിശ്വസിക്കുന്നുവെന്നു ബ്രിട്ടനും, ഫ്രാൻസും തമ്മിൽ നേരിട്ടുള്ള സമ്പർക്കത്തെ താൻ സ്വാഗതം ചെയ്യുന്നുവെന്നു° ദിഗോളും പറഞ്ഞു. ബ്രിട്ടനും, ഫ്രാൻസും തമ്മിലുള്ള ഘട്ടങ്ങളിലെല്ലാം വളരെ വിഷമതകൾ അഭവപ്പെട്ടിട്ടുണ്ടെന്നു° ചരിത്രം കാണിക്കുന്നു. നേരെമറിച്ചു° ഇരുരാഷ്ട്രങ്ങളും അടുപ്പത്തിൽ കഴിയുമ്പോൾ കാര്യമായ മെച്ചങ്ങൾ ഉളവായിട്ടുണ്ടെന്നും ദിഗോളും പ്രസ്താവിച്ചു.

....

ഇന്ത്യൻ പത്രലേഖകന്മാർക്കു° 'ഗൽത്താ'

(പി ടി ഐ) കെയ്റോ, ഏ 2

ചൈനീസ് പ്രധാനമന്ത്രി ശ്രീ. ചൌ-എൻ-ലായി ഇന്നലെ ഇവിടെ എത്തിച്ചേരുന്നതിനു° മുമ്പു° ഇൻഡ്യൻ ബ്യൂറോ സെക്രട്ടറി ഉദ്യോഗസ്ഥന്മാർ കെയ്റോ വിമാനത്താവളത്തിൽനിന്നും 2-ഇന്ത്യൻ പത്രലേഖകന്മാരെ, (പി. ടി. ഐ., ഇന്ത്യൻ എക്സ്പ്രസ് ലേഖകന്മാർ) പുറത്തേയ്ക്കു° കൊണ്ടുപോകുകയുണ്ടായി. ചൌ-എൻ-ലായിയുടെ ആഗമനം റിപ്പോർട്ടുചെയ്യുന്നതിനുവേണ്ടിയാണു° ഈ പത്രലേഖകന്മാർ വിമാനത്താവളത്തിലെത്തിച്ചേർന്നതു°.

ഈജിപ്ഷ്യൻ ലേഖകന്മാരും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള കമ്മ്യൂണിസ്റ്റ് ലേഖകന്മാരും വിമാനത്താവളത്തിനകത്തു നിൽക്കവെ, രണ്ടു സെക്യൂരിറ്റി ഓഫീസർമാർ വന്നു°, ഇന്ത്യൻ ജേണലിസ്റ്റുകളോടു° പുറത്തുപോകുവാൻ ആവശ്യപ്പെട്ടു.

ചൌവിന്റെ ആഗമനം വീക്ഷിക്കുന്നതിനായി വിമാനത്താവളത്തിലെ റെസ്റ്റാറൻറിന്റെ ബാൽക്കണിയിൽനിന്നു പുറത്തുകടക്കുന്നതുവരെ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ പത്രലേഖകരെ അനുഗമിച്ചുവെന്നും ഒരു ലേഖകൻ ആവശ്യപ്പെട്ടപ്പോൾ, ഒരുദ്യോഗസ്ഥൻ അയാളെ പിടിച്ചു° പുറത്താക്കി.

വിമാനത്താവളത്തിലെ കെട്ടിടത്തിനു° പുറത്തു കടക്കുന്നതുവരെ ഒരു പോലീസ് ഉദ്യോഗസ്ഥൻ ഈ പത്രലേഖകരെ അനുഗമിച്ചുവെന്നും അദ്ദേഹം അറിയിച്ചു.

റേഷൻകാർഡുകളിന്മേൽ ലഭിക്കുന്ന ശോതമ്പു അരിയും പിടിപ്പോലും ആവശ്യമായതു നിവാരമുള്ളവയല്ലെന്നു° പത്രലേഖകർ മൂണ്ടിക്കാട്ടി. അവയുടെനിലവാരം നിലനിർത്തുന്നതിനു° തന്റെ മന്ത്രികാര്യാലയം ശ്രമിക്കുന്നതായിരിക്കുമെന്നു° മന്ത്രി പറഞ്ഞു.

കോൺഗ്രസ്സുകാർ പരസ്യമായി ഗവണ്മെണ്ടിനെ വിമർശിക്കരുതു°

കോൺഗ്രസ്സ് പാർലിമെണ്ടറി പാർട്ടിയിൽ പ്രധാനമന്ത്രി ശാസ്ത്രി

വിമർശനം വേദനയുണ്ടാക്കിയെങ്കിൽ ഖേദം°; പക്ഷെ പറഞ്ഞതു° പിൻവലിക്കില്ലെന്നു° വിജയലക്ഷ്മി

(പി ടി ഐ) ന്യൂഡൽഹി, ഏ 3

തങ്ങളുടെ പാർട്ടിക്കു° ഹാനികരമായ യാതൊന്നും പാർലിമെണ്ടിൽ പ്രസ്താവിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യരുതെന്നു° പ്രധാനമന്ത്രി ശാസ്ത്രി ഇന്നലെ ഇവിടെ കൂടിയ കോൺഗ്രസ്സു° പാർലമെണ്ടറി പാർട്ടിയുടെ പൊതുയോഗത്തിൽ മുന്നറിയിപ്പു നല്കുകയുണ്ടായി.

ഗവണ്മെണ്ടിന്റെ നേരേയോ, അല്ലെങ്കിൽ മന്ത്രിമാരുടെ നേരേയോ പിഴ അംഗങ്ങൾ ഇഷ്ടമുള്ള നടത്തിക്കൊണ്ടിരിക്കുന്ന വിമർശനം ശോഭനീയമാണെന്നു° അദ്ദേഹം പറഞ്ഞു. അതിൽകവിഞ്ഞാൽ പാർട്ടിയിലും പൊതുവിലും വിഘടനവാദപ്രവണതകൾ ശക്തിപ്പെടുവാൻ ഇടയാകുമെന്നു° അദ്ദേഹം മുന്നറിയിപ്പു നല്കി.

ഗവണ്മെണ്ടിന്റെ നയങ്ങളെയും പരിപാടികളെയും വിമർശിക്കുന്നതിനു° അംഗങ്ങൾക്കു° പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടെന്നു° പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ ഗവണ്മെണ്ടിനെ തകർക്കുവാനുള്ള പ്രവണതയോടെ വിമർശനം നടത്തുന്നതു° ശരിയല്ലെന്നു° അദ്ദേഹം അഭിപ്രായപ്പെട്ടു.

പാർട്ടിയുടെ ഐക്യത്തിനു° ഭംഗം വരുത്തുന്ന യാതൊരു പ്രവർത്തനവും ഉണ്ടാകരുതെന്നു° പ്രധാനമന്ത്രി ഉപദേശിച്ചു.

പാർട്ടിയുടെ ഐക്യത്തിനുവേണ്ടി ഏതു° ത്യാഗവും സഹിക്കുവാൻ തയ്യാറാണെന്നു° പ്രധാനമന്ത്രി പറഞ്ഞു.

വിജയലക്ഷ്മി

'ഉറപ്പില്ലായ്മയുടെ തടവുകാർ' എന്ന പ്രസംഗം പോകസഭയിൽ ചെയ്ത വിജയലക്ഷ്മി പണ്ഡിറാ° പാർട്ടിയോഴുള്ള കൂറും, പ്രധാനമന്ത്രിയോടുള്ള ആദരവും, സ്നേഹവും പ്രകടിപ്പിക്കുകയുണ്ടായി. താൻ പ്രസംഗം ആക്കെകിലും വേദനയുണ്ടാക്കിയെങ്കിൽ തനിക്കു അതിനു മാപ്പു° ചോദിക്കുന്നുവെന്നു° അവർ പറഞ്ഞു. പക്ഷെ താൻ പ്രസംഗത്തിൽനിന്നു° ഒരൊറ്റ വാക്കുപോലും പിൻവലിക്കുവാൻ താൻ തയ്യാറില്ലെന്നു° അവർ വ്യക്തമാക്കി. പ്രധാനമന്ത്രിയെ സ്റ്റേജിലെത്തന്നെ അതുടനെ വീക്ഷണം തനിക്കു° പാർട്ടിയിലുണ്ടു°. അദ്ദേഹത്തോടു° തനിക്കു° സ്നേഹവും, ആദരവും ഉണ്ടു°. കോൺഗ്രസ്സിന്റെ ബഹുജനാഭിപ്രായം അദ്ദേഹത്തിന്റെ പിന്നിലായിരിക്കുന്നതേതേളം കാലം ചിന്നിച്ചിതറികിടക്കുന്ന പ്രതിപക്ഷം കോൺഗ്രസ്സിനെ അപമാനിക്കുമെന്നു° കരുതേണ്ടതില്ലെന്നും അവർ പറഞ്ഞു.

അബ്ദുള്ളയെ അനുവദിക്കില്ല

യാതൊരു കാരണവശാലും ഷൈഖ് അബ്ദുള്ളയെ കാശ്മീരിലേക്കു° അനുവദിക്കുന്നതല്ലെന്നു° ഷെയ്ക് അബ്ദുള്ളയെ താറാ യിക്കുവാൻ ആംജിയിയിലെ ഇന്ത്യൻ സ്ഥാനപതിയോടു° ഒരു കമ്പിസന്ദേശവഴി ആവശ്യപ്പെട്ടിട്ടുണ്ടെന്നു° ശാസ്ത്രി യോഗത്തിൽ പ്രസ്താവിച്ചു. ഇതിനെന്തായി പ്രവർത്തിച്ചാൽ അതിന്റെ ഫലം ഷെയിക്കു° അനുഭവിക്കേണ്ടിവരുമെന്നും വ്യക്തമാക്കുവാൻ സന്ദേശത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടു°.

തെ. വിയറാ°നാമിൽ നിന്നു° തലയൂരില്ല

ഡീൻറസ്കിന്റെ പ്രഖ്യാപനം

(റോയിട്ടർ) ലണ്ടൻ, ഏ. 3

എന്തുനംഭവിച്ചാലും ശരി, തെക്കൻ വിയറാ°നാമിൽ യുദ്ധം നിലനില്ക്കുന്നേടത്തോളംകാലം ആ രാജ്യത്തെ സഹായിക്കുവാൻ അമേരിക്കയ്ക്കു° ബാദ്ധ്യതയുണ്ടെന്നു° അമേരിക്കൻ സ്റ്റെയിറാ°സെക്രട്ടറി ഡീൻറസ്കു° ഇന്നലെരാത്രി ഒരു ബ്രിട്ടീഷ് ടെലിവിഷൻ കൂടിക്കാഴ്ചയിൽ പ്രസ്താവിച്ചു.

അമേരിക്കൻജനതയും, കോൺഗ്രസ്സും ഗവണ്മെണ്ടും ഈ ബാദ്ധ്യതയിൽനിന്നു° ഒഴിഞ്ഞമാറുകയില്ല.

വെടിനിർത്തുന്നതിനു വടക്കൻവിയറാ°മിനു° ധാരാളം അവസരങ്ങൾ നൽകിയുണ്ടായി. വെടിവയ്ക്കുന്നവരോടു° വെടിനിർത്തണമെന്നു° പറഞ്ഞാൽ അതിന്റെ അർത്ഥം അവർ നിഷ്പ്രയാധികമായി കീഴടങ്ങണമെന്നല്ല. അതല്ല ഇവിടെ പ്രശ്നം. അമേരിക്ക വടക്കൻവിയറാ°നാമിനോടു° പറയുന്നതു° വെടിനിർത്തണമെന്നാണു°. ആ ആവശ്യത്തെ നിഷ്പ്രയാധിക കീഴടങ്ങലായി ആരെങ്കിലും ചിത്രീകരിക്കുന്നവെങ്കിൽ അതിനോടു യോജിക്കുവാൻ തനിക്കു° സാധ്യമല്ലെന്നു° റസ്കു° പറഞ്ഞു.

ഹാനോയിഗവണ്മെണ്ടു° തള്ളിക്കയറാം തുടരുകയാണെങ്കിൽ അമേരിക്കയുടെ പെരുക്കലും തുടരും.

ടെയിലറുടെ പ്രസ്താവന

വാഷിംഗ്ടൺ, ഏ. 3

തെക്കൻവിയറാ°നാമിലെ കാട്ടു°സൈന്യത്തിന്റെ പ്രവർത്തനങ്ങൾ ഉത്തരവിയറാ°നാമിനെ ആക്രമിക്കുവാൻ ഇടയാക്കുമെന്നുള്ള ഭീഷണി ഗൌരവമായി കാണുന്നുവെന്നു° മുൻ അമേരിക്കൻ സൈനികമേധാവി ജനറൽ മാക്സ്വെൽ ടെയിലർ പറഞ്ഞു.

കാര്യാടിപ്രോജക്ടിന്റെ നിർമ്മാണം

കോഴിക്കോടു°, ഏ. 3

കക്കയത്തു° നിർമ്മിക്കുന്ന കാര്യാടി ഹൈഡ്രോ ഏലക്ടിക്കു° പ്രോജക്ടിന്റെ നിർമ്മാണപ്രവർത്തനം ഏലക്ടിസിറ്റി ബോർഡു° ചീഫ് എൻജിനീയർ മി. പാക്കിസ്ഥാൻ പ്രസിഡണ്ടു° മി. അയൂബ്ഖാൻ ഇന്നു° മോസ്കോവിലേക്കു പറന്നു.

ചൈനീസ് പ്രധാനമന്ത്രി മി. ചൌ എൻ-ലായി താഷ്കണ്ടിൽ വിമാനത്താവളത്തിൽ സന്നിഹിതനായിരുന്നു. പിന്നീടു° അദ്ദേഹം ചൈനയിലേക്കുള്ള വഴി ഡക്കയിലേക്കു പോയി.

പാക്കിസ്ഥാന്റെ ഗസ്റ്റു° ഹൌസിൽ നിന്നും അയൂബ്ഖാനും ചൌ-എൻ-ലായിയും തെമിച്ചാണു°, വിമാനത്താവളത്തിലേക്കു° കാറോടിച്ചുവന്നതു°.

.....

സുഖ്രഹ്മണ്യം ആസ്ത്രേലിയയ്ക്കു പോയി

ഇക്കൊല്ലം ഭക്ഷ്യനില മെച്ചപ്പെടുമെന്നു°

(പി ടി ഐ) ബോമ്പെ, ഏ 3 കേന്ദ്രഭക്ഷ്യമന്ത്രി മി. സി. സുബ്രഹ്മണ്യം വിമാനമാർഗ്ഗം ഇന്നു° കാൻബറായിലേക്കു° പോയിരിക്കുന്നു.

ആസ്ത്രേലിയൻഗവണ്മെണ്ടിന്റെ ക്ഷണമനുസരിച്ചു° ആസ്ത്രേലിയ സന്ദർശിക്കുന്ന മി. സുബ്രഹ്മണ്യം ഇന്ത്യയുടെ ഗോതമ്പു° ആവശ്യം സംബന്ധിച്ചു° ആസ്ത്രേലിയൻഗവണ്മെണ്ടുമായി സംഭാഷണം നടത്തുന്നതായിരിക്കും.

ഗോതമ്പു° വ്യാപാരപ്രവർത്തനങ്ങളും കാർഷികഗവേഷണങ്ങളും സംബന്ധിച്ചു° അദ്ദേഹം പഠനം നടത്തുന്നതായിരിക്കും. 12 ദിവസം ഭക്ഷ്യമന്ത്രി ആസ്ത്രേലിയായിലുണ്ടായിരിക്കും.

ഗോതമ്പും നെല്ലും വിളയുന്നതിനാൽ ഈ വർഷത്തെ മൊത്തം ഭക്ഷ്യനില മെച്ചപ്പെടുമെന്നു° മി. സുബ്രഹ്മണ്യം വിമാനത്താവളത്തിൽവെച്ചു° പത്രലേഖകരോടു° പറഞ്ഞു.

ഗോതമ്പുകൊയ്ത്തിനു° ഈ വർഷം കുറച്ചാമാസം നേരത്തിവെന്നും അദ്ദേഹം അറിയിച്ചു.

റേഷൻകാർഡുകളിന്മേൽ ലഭിക്കുന്ന ശോതമ്പു അരിയും പിടിപ്പോലും ആവശ്യമായതു നിലവാരമുള്ളവയല്ലെന്നു° പത്രലേഖകർ മൂണ്ടിക്കാട്ടി. അവയുടെനിലവാരം നിലനിർത്തുന്നതിനു° തന്റെ മന്ത്രികാര്യാലയം ശ്രമിക്കുന്നതായിരിക്കുമെന്നു° മന്ത്രി പറഞ്ഞു.

ബസ്സു°മുട്ടി; വൃദ്ധൻ മരിച്ചു

തൃശ്ശൂർ, ഏപ്രിൽ 3

ഡൌൺ ജോസഫ് സ്കൂസുകാരുടെ ബസ്സു° പല്ലാറ° പാലത്തിനു സമീപംവെച്ചു° ഞായറിൽ മുട്ടിയതിന്റെ ഫലമായി ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നവനായിപുലം സ്വദേശിയായ രാമൻനായർ [65] മൂന്നിടഞ്ഞിരിക്കുന്നു.

തൃശ്ശൂർ ഫുട്ബോൾ ടൂർണ്ണമെൻറു°

9-ാം വാർഷികം

ഇന്നു° [4-4-65 ഞായറാഴ്ച] 5-15നു° പാവറട്ടി സ്റ്റേഡിയത്തിൽവെച്ചു°

3-ാം ക്വാർട്ടർ ഫൈനൽസു°

ആന്ധ്രപ്രദേശു° അസോസി യേഷൻ XI ഹൈദ്രാബാദു° V/s അലിൻഡു° റിക്രിയേഷൻ ക്ലബ്ബു° കണ്ടറു°.

നിരക്കു കാസാ 2_00 | ഗ്യാലറി 0_80 പ. പടിഞ്ഞാറെ തെക്കേ 0_60 പ. കിഴക്കു° (വടക്കേ

വിഷു ★ പെരുന്നാൾ ★ ഈസ്റ്റർ

വിശേഷാവസരങ്ങൾക്കുള്ള

മനോഹര വസ്ത്രങ്ങൾക്കു°

ഫേഷൻ ഫേബ്രിക്സു°

തൃശ്ശൂർ

★ നിലാവിന്റെ നേർമ്മയും മഴവില്ലിന്റെ മനോഹാരിതയുമുള്ള പുതുവസ്ത്രങ്ങൾക്കു° ★

സമീപിക്കുക:

കുറിച്ചാക്കു ലോന അന്തോണി സൺസു°

ESTD 1934 ഫോൺ: 841 പി. ഒ. റോഡു°, തൃശ്ശൂർ_1 ബസ്സ്റ്റാൻറിനു° സമീപം

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 4-ാംന- ഞായർ

ഷേയ്ക്കിനിമിത്തം ഉണ്ടായ 'ഷേക്കു'

—o—

കാശ്മീരിലെ മുൻ പ്രധാനമന്ത്രിയായിരുന്ന ഷേയ്ക്ക് അബ്ദുള്ള നിമിത്തം ലോകസഭയിൽ വലിയ ഷേക്ക് (Shake) അനുഭവപ്പെട്ടിരിക്കുന്നു. അദ്ദേഹം വിദേശരാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനായി പാസ്സ്പോർട്ടിനപേക്ഷിച്ചു. പ്രസ്തുത അപേക്ഷയിൽ അദ്ദേഹം അവകാശപ്പെട്ടിരുന്നതു് ഭാരതപൗരനെന്നല്ല കാശ്മീർ പൗരനെന്നാണു്. എന്നിട്ടും ഇന്ത്യാഗവൺമെന്റിനു് പാസ്സ്പോർട്ട് വൽകി, പോരെ വിദേശരാജ്യങ്ങളിൽ ചിലവഴിക്കാൻ 35000 ത്തിൽപരം രൂപ കൊള്ളുള്ള വിദേശനാണയം അനുവദിക്കയും ചെയ്തു. ഏറെ ദിവസങ്ങൾക്കു മുമ്പു തന്നെ ഇന്ത്യാഗവൺമെന്റിന്റെ ഈ നടപടി ഇന്ത്യൻ പാർലിമെൻറംഗങ്ങളുടെ രൂക്ഷമായ വിമർശനങ്ങൾക്കു് വിധേയമായിരുന്നതാണു്. അദ്ദേഹത്തെ നിയന്ത്രിക്കാൻ ഇനി ഇന്ത്യാഗവൺമെന്റിനു് സാധിച്ചേക്കയില്ലെന്നും, അദ്ദേഹം ഇന്ത്യയുടെ ശത്രുചേരിയിൽ നില്ക്കുന്ന പാക്കിസ്ഥാനും ചൈനയും സന്ദർശിച്ചേക്കുമെന്നും അവിടെയൊക്കെ ഇന്ത്യക്കെതിരായ പ്രചാരണതന്ത്രങ്ങളിൽ മുഴുകുമെന്നും, കാശ്മീർ ഒരു സ്വതന്ത്രരാഷ്ട്രമാണെന്നു വാദിച്ചേക്കുമെന്നും പാർലിമെൻറംഗങ്ങൾ മുന്നറിയിപ്പു നൽകിയിരുന്നു. അന്നതിനു ഗവൺമെന്റു് പക്ഷത്തുനിന്നു കിട്ടിയ മറുപടി ചൈന സന്ദർശിക്കാൻ ഷേയ്ക്കിനെ അനുവദിക്കില്ലെന്നായിരുന്നു.

കാലം പിന്നേയും കഴിഞ്ഞു. രണ്ടു ദിവസം മുമ്പ് ഇതാ അമ്പരപ്പിക്കുന്ന ആശയാഥാർത്ഥ്യം പുറത്തു വന്നിരിക്കുന്നു. മുൻനിശ്ചയിച്ചിരിക്കുന്ന പരിപാടിയനുസരിച്ചായിരിക്കുന്നതും ഷേക്ക് അബ്ദുള്ള ചൈനാ പ്രധാനമന്ത്രി ചൌ-എൻ-ലായിയെ ആശ്ലേഷിയേഴ്സിൽവെച്ച് സംഭാഷണം നടത്തിയിരിക്കുന്നു. എന്തൊക്കെയായിരിക്കും അദ്ദേഹം സംസാരിച്ചിട്ടുണ്ടാവുകയെന്നു് തീർത്തുപറയാൻ സാദ്ധ്യമല്ലെങ്കിലും കാശ്മീരിന്റെ സ്വതന്ത്രമായ നിലനില്പിനെ അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ടാകും എന്നു തീച്ചയാണു്. അതായതു് ജമ്മു-കാശ്മീർ ഇന്ത്യയുടെ ഭാഗമല്ലെന്നും, അതൊരു സ്വതന്ത്രരാഷ്ട്രമാണെന്നും അദ്ദേഹം സമർത്ഥിച്ചുകാണുമെന്നു സാരം. അപ്പോൾ ഷേയ്ക്കു് ഇതുവന്ന ചൈനയിലേക്കു് പോയില്ലെങ്കിലും ചൈന അദ്ദേഹത്തിലേക്കു് വന്നു എന്നതാണു്. ഫലം രണ്ടും ഒന്നു തന്നെ. ഒരു പടികൂടി കടന്നു ഒരു ഗ്രന്ഥപത്രം പ്രസ്താവിച്ചിരിക്കയാണു് ഷേയ്ക്കു് അബ്ദുള്ള. ഇനി ഇന്ത്യയിലേക്കു് മടങ്ങിവരില്ലെന്ന. പാക്കിസ്ഥാനേറയും ചൈനയടേയും അഭയാർത്ഥിയായി അദ്ദേഹം കാശ്മീരിന്റെ 'വിമോചന'ത്തിനവേണ്ടി ശ്രമിക്കാൻ തുടങ്ങിയാലുള്ള കഥയെന്തായിരിക്കും

ഈ സംഭവങ്ങളും ലോകസമയേതിങ്ങേക്കിയ ചലനമാണു് ഈയസരത്തിൽ പ്രസക്തമായ ഇ. ഷയ്യൂ. ചൈവുമായുള്ള സംഭാഷണാനന്തരം

തുറന്നിട്ട കവാടം

★★★★★★★★★★★★★★★★★★★★★★★★★★

ഗേറ്റ് ഓഫ് ഇന്ത്യയിൽ നിന്നു പടി ഞ്ഞാറോട്ടു നോക്കിയപ്പോൾ ഒരു 'ഫ്ലാഷ്ബാക്കു'പോലെ ചരിത്രത്തിന്റെ ഏടുകൾ എന്റെ മുമ്പിൽ മറിഞ്ഞുവീണു. കാലത്തിന്റെ നാഴികക്കല്ലുകളിൽ മുട്ടി ഉലയാതെ നില്ക്കുകയാണ് ആ കവാടം

★★★★★★★★★★★★★★★★★★★★★★★★★★

(മണിമല)

ഗേറ്റ് ഓഫ് ഇന്ത്യാ ; ബോംബെ നഗർത്തിന്റെ പശ്ചിമതീരത്തു സമുദ്രാഭിമുഖമായി നിലകൊള്ളുന്ന ശില്പകലാ വൈദഗ്ദ്ധ്യം നിറഞ്ഞ ഒരു മോഹന കവാടമാണത്. അറബിക്കടലും ഹാർബർ ഉൾക്കടലും കൈകോർത്തു വിലസുന്ന സമുദ്രസന്ധിയിൽ തലയുയർത്തിനിന്നു പുറങ്കടലിൽക്കാണുന്ന കപ്പലുകളെ തുറമുഖത്തേയ്ക്കു മാടി വിളിക്കുകയാണെന്നും തോന്നും, ഇന്ത്യാ ഗേറ്റിന്റെ നിലകണ്ടാൽ. രാത്രിയിൽ അതു വൈദ്യുത ദീപാവലികളാൽ പ്രശോഭിതമാവുമ്പോഴും അനന്തമായ നീലാകാശത്തിൽ നിന്നു നക്ഷത്രമണ്ഡലത്തിൽ ഒരു ഭാഗം അവിടെ അടർന്നു വീണതാണെന്നു തോന്നുമെങ്കിലും അതു കഥമാത്രമല്ല.

കൊത്തിയെടുത്ത കരിങ്കല്ലുണ്ടാക്കിയ കോൺക്രീറുകൊണ്ടു നിർമ്മിതമായ ആ കമാനം വിപുലവും ബലിഷ്ഠവുമാണ്. ഉറപ്പുള്ള സോപാന പരമ്പരകൾ കടലിലേക്കു കെട്ടിയിറക്കിയിരിക്കുന്നു. ഉൾക്കടലിന്റെ മടിത്തടത്തിലായതുകൊണ്ടായിരിക്കാം ആർത്തിരമ്പുന്ന തിരമാലകൾ അവിടെ ആക്രമണത്തിനൊരുങ്ങാതിരിക്കുന്നതു്. കരിനീലക്കടലിന്റെ തരംഗപരമ്പരകൾ ആ സോപാനങ്ങളിൽക്കയറിയിറങ്ങിക്കളിക്കാറുണ്ട്. സാധാരണം അങ്ങനെയാണിറങ്ങിയെന്നാൽ കാൽ കഴുകുകയായി, വേണമെങ്കിൽ ഒന്നു മുങ്ങിക്കളിക്കുകയും ചെയ്യാം.

പടിഞ്ഞാറോട്ടു തുറന്ന ഭാരതത്തിന്റെ കവാടം

യുഗയുഗാന്തരങ്ങളായി പശ്ചിമാഭിമുഖമായി തുറക്കപ്പെട്ടിരിക്കുന്ന ഇന്ത്യയുടെ കവാടമാണു്. റോമാക്കാരും, അറബികളും പോർട്ടുഗീസുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരുമെല്ലാം ആ തുറന്ന വാതിലിലൂടെ ഇവിടെ കടന്നു വന്നിട്ടുണ്ട്. വിലപിടിച്ച വിഭവങ്ങൾ നിസ്സാരവിലയ്ക്കു തട്ടിയെടുത്തുകൊണ്ടുപോയിട്ടുണ്ട്. ഇന്ത്യയുടെ വൈദേശികബന്ധത്തിന്റെ ഫലം തികഞ്ഞ പ്രതികമാണ് ഗേറ്റുകാഫ് ഇന്ത്യ; അങ്കകലാ അറബിക്കടലിന്റെ നീലത്തിരകൾ വിരിഞ്ഞവിരിഞ്ഞ പരക്കുന്നതു കാണാം. പടിഞ്ഞാറോട്ട് ചാഞ്ഞുടഞ്ഞിയ സൂര്യകിരണങ്ങൾ അതിൽ 'ഒളിച്ചേ കണ്ടേ' കളിക്കുന്നു. ആ തിരമാലകളെ വകഞ്ഞു നീക്കിക്കൊണ്ടു പാഞ്ഞടുക്കുന്ന കപ്പലുകളുടെ ലക്ഷ്യം ഇന്ത്യയുടെ തുറന്ന വാതിലാണ്.

ചരിത്രത്തിന്റെ ഏടുകൾ

ശിലായുഗം മുതൽ അണുയുഗം വരെ നീണ്ടു നില്ക്കുന്ന ചരിത്രത്തിനു ആ സ്ഥലം മൂകസാക്ഷിയാണ്. ഇന്നു കാണുന്ന സുന്ദരകമാനം പണിതുയർത്തുന്നതിനു മുമ്പും അസ്ഥലം ഇന്ത്യയുടെ പടിവാതിൽതന്നെ. അവിടെക്കയറിയിറങ്ങിപ്പോയ വൈദേശിക വണിഗ്വരന്മാരുടെ പാദമുദ്രകൾ അവിടെ അവശേഷിക്കുന്നു. കടലലകൾ തുടച്ചുമായിക്കഴുകിത്തുടച്ചുകൊണ്ടിരുന്നിട്ടും ആ അടയാളങ്ങൾ മായാതെ നില്ക്കുകയാണ്.

ബി. സി. 3-ാംശതകത്തിൽ ബോംബെ മൗര്യസാമ്രാജ്യത്തിന്റെ ഘടകമായിരുന്നു. അശോകന്റെ കാലശേഷം അതു സാതവന രാജാക്കന്മാരുടെ ഭരണത്തിലായി. യവനന്മാരുടെയും സിറിയന്മാരുടെയും പാർത്തിയന്മാരുടെയും ആക്രമണങ്ങൾ ബോംബെ കവാടം വരെ എത്തിയിട്ടുണ്ട്. ചാലൂക്യരാജവംശവും കൂറേകാലം അവിടെ ആധിപത്യം പുലർത്തി, എ. ഡി. 8 മുതൽ 12 വരെ ശതകങ്ങളിൽ സിൽഹാര രാജാക്കന്മാർ ബോംബെ ഭരിച്ചിരുന്നു. തുടർന്നു ഡക്കാണിലെ ഭീമദേവരാജാവിന്റെ പിടിയിലമർന്നു. ബീജാപ്പൂർ, ഗോൽക്കണ്ടാ, ഗുജറാത്ത് എന്നിവിടങ്ങളിലെ സുൽത്താന്മാരും ബോംബെയിൽ ആധിപത്യം പുലർത്താൻ കിണഞ്ഞു പരിശ്രമിച്ചു. അവർ അതു സാധിക്കുകയും ചെയ്തു.

പക്ഷേ സുൽത്താന്മാർക്കും ബോംബേ സ്ഥിരമായി കൈവശംവയ്ക്കാൻ സാധിച്ചില്ല. മഹാരാഷ്ട്രരുടെ കീർത്തിപ്രതാപങ്ങളും പോർട്ടുഗീസുകാരുടെ ആഗമനവും സുൽത്താന്മാർക്ക് ശനിദശയായിത്തീർന്നു. ക്രമേണ ബോംബേനഗരം പോർച്ചുഗീസുകാരുടെ പിടിയിലമർന്നു.

1661 ജൂൺ 23 ബോംബെയുടെ ചരിത്രത്തിലെ ഒരു വഴിത്തിരിവായി. ബ്രി: രാജാവു് ചാർത്സ് II-ാമന്റെ പോർച്ചുഗലിലെ കാതറൈൻ രാജകുമാരിയെ വിവാഹംചെയ്തപ്പോൾ സ്ത്രീധനമായി ലഭിച്ച പ്രദേശങ്ങളുടെ കൂട്ടത്തിൽ ബോംബേയും ഉൾപ്പെട്ടു.

ബ്രി: ഭരണത്തിനെതിരെ ആവിർഭവിച്ച സ്വാതന്ത്ര്യസമരത്തിന്റെ കാല്പാടുകൾ ബോംബെയിലുണ്ട്. ഉപ്പുസത്യഗ്രഹം മുതൽ ക്വിറിൻഡ്യാ പ്രക്ഷോഭണംവരെയുള്ള സമരകോലാഹലത്തിന്റെ പ്രതിധ്വനി ഇന്നും ബാക്ക്ബേയിലെ ചിറോളങ്ങളിൽ മുഴങ്ങുകയാണ്. ഗേറ്റ് ഓഫ് ഇൻഡ്യയിൽനിന്നു പടിഞ്ഞാറോട്ടുനോക്കിയപ്പോൾ ഒരു 'ഫ്ലാഷ് ബാക്ക്'പോലെ ചരിത്രത്തിന്റെ ഏടുകൾ എന്റെ മുമ്പിൽ മറിഞ്ഞുമറിഞ്ഞു വീഴുകയാണെന്നു തോന്നി. അങ്ങിനെ കാലത്തിന്റെ നാഴികക്കല്ലുകളിൽ മുട്ടി ഉലയാതെ നില്ക്കുകയാണ്, ആ കവാടം.

തുടിക്കുന്ന ജീവിതങ്ങൾ

കാലത്തിനെറ കണ്ണെത്താവിദൂരങ്ങളിൽ എന്നു വർത്തമാനത്തിന്റെ വഴിത്തിരിവിലേക്ക് ചിന്തകൾ പറന്നെത്തി. നാഗരികതയുടെ വെന്നിക്കൊടിയേന്തി നഗരത്തിന്റെ ഏടകം തുടിച്ചിരുന്നു. ഏറ്റവും നവീനമായ രീതിയിൽ പകിട്ടുള്ള വസ്ത്രങ്ങളണിഞ്ഞ ജനങ്ങൾ തെരുവീഥികളിൽ നിറഞ്ഞു. എല്ലാവർക്കും നിശ്ചിതലക്ഷ്യങ്ങളുണ്ട്. ആർക്കും അലഞ്ഞുതിരിയാൻ നേരമില്ല. പക്ഷെ പരസ്പരമുള്ള ഭാരതത്തിന്റെ പടിവാതിലിൽ തങ്ങളുടെ സാജ്വിതങ്ങൾ കിടക്കുന്നു. ഒന്നു ഒരു വൃദ്ധനാണ്. ഇടത്തുകവിളിൽ നീരുവന്ന് വീർത്തിരിക്കുന്നു. നെറ്റിയിൽ ഒരു വല്ലാത്ത മുഴയുണ്ട്. വാർധ്യക്യത്തിന്റെ വൈകൃതം അയാളെ 'റ'കാരകാരനാക്കി. ആജ്ജവം ലോകജീവിതത്തിനെതിരെ പറഞ്ഞിരുന്നു തോന്നും ആ കിടപ്പുകണ്ടാൽ.

അങ്ങേപ്പുറത്തു കിടക്കുന്നതു ഒരു സ്ത്രീയാണ്. അവൾ അതീതയൗവ്വനയല്ലെങ്കിലും ദാരിദ്ര്യത്തിന്റെ പിടിയിലമർന്നു ഞെളിപിരികൊള്ളുകയാണ്. 'തെണ്ടിക്കം' എന്നർത്ഥം വെമ്പുകയാണ്. നാളേയ്ക്കുവേണ്ടി ആ അസ്ഥിപഞ്ജരങ്ങളിൽ ജീവിതം തുടിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ രാജവീഥിയിൽ പതിനേഴു വർഷങ്ങൾ പിന്നിട്ടിട്ടും 'ഇന്ത്യയുടെ പടിവാതിലി'ൽനിന്നു തെണ്ടികളെ മാറ്റാൻ നമുക്കു് കഴിഞ്ഞിട്ടില്ല. എന്നാണ് ഇനി അതു് സാധിക്കുക? എന്റെ ശിരിലചിന്തകർക്കു് ഉത്തരം പിടിയും കിട്ടിയില്ല. ആ അഭ്യൂപൈസ്സുട്ടുകൾ ഇട്ടുകൊടുത്തിട്ട് അവിടെ നിന്നു കടന്നുപോകാനേ എനിക്കു കഴിഞ്ഞുള്ളൂ.

തെല്ലൊരാശാഭംഗം

മണി നാലു കഴിഞ്ഞിരിക്കുന്നു ഞാൻ ഓവൽ മൈതാനിയിലേക്ക് തിടുക്കത്തിൽ നടന്നു. തെരുവുകളിലെല്ലാം കർശനമായ നിയന്ത്രണമാണ്. കാൽനടക്കാർക്ക് ഈ വഴി പ്രത്യേകം വേലികെട്ടിതിരിച്ചിരിക്കുന്നു, നൽക്കവലകളിൽ എതിർ വശത്തേക്കു കടന്നുപോകൻ പ്രത്യേകം വഴിതിരിച്ചിട്ടുണ്ട്.

മൈതാനം മുഴുവൻ ജനനിബിഡമായിരിക്കുന്നു. കരിരിപ്പടപോലും ഒഴിവായിട്ടില്ല. നിൽക്കാൻപോലും ഇടമില്ലാത്ത മട്ടിൽ അളകടം തിങ്ങി നിറഞ്ഞിരിക്കുകയാണ്. ഒരുവിധത്തിൽ എട്ടാംനമ്പർ ഗേറ്റിലൂടെ ഞാൻ അകത്തു കടന്നു. അളകടം എത്തിക്കത്തിനിന്നു അപ്പോൾത്തന്നെ പുറത്തേയ്ക്കു നോക്കുന്നു. പരിഭ്രാന്ത പിതാവിനെയാണ് എല്ലാവരും പ്രതീക്ഷിക്കുന്നതു്. അവിടുന്നു തെരുവിലേക്കു തുടർച്ചയായി നിഷ്കരുണം നിഷ്ക്രമിക്കുവൻ പോകയാണ്.

നേരത്തെവന്നിരുന്നെങ്കിൽ അൽപ്പം തരക്കേടില്ലാത്തൊരു കസേര അടുത്തെങ്ങാനും ഒഴിവുണ്ടാകുമായിരുന്നു. കിട്ടിയേനെ. നിറഞ്ഞ ഇല്ലാഭംഗത്തോടെ ഞാൻ പൊങ്ങിവീർപ്പുന്നിനിന്നു് ഉയരങ്ങളിലേയ്ക്കു നോക്കി.

ആനന്ദങ്ങളും പൊള്ളുകളും ഇടകലർന്ന ഉന്നിഗ്നതയുടെ അങ്ങേത്തലയ്ക്കൽ നിന്നുകൊണ്ടു ഞാൻ. സൗകര്യമായി ഒരുവശത്തുനിന്നു കാണുവാൻ ഭാഗ്യത്തേക്കുപോകാൻപോലും സാധ്യമല്ല.

ജനാധ്യത്തിലേക്കു്

"അതാ ജീപ്പുവരുന്നു" ആരോ വിളിച്ചുപറഞ്ഞു. എല്ലാവരും എത്തി വലിഞ്ഞുനോക്കി. ശരിയാണ്. പരിശുദ്ധ പിതാവിന്റെ 'രഥം' നീങ്ങുകയാണ്. അവിടുന്നു ജനങ്ങളുടെ മദ്ധ്യത്തിലേക്കു വരുന്നു. അവിടെ തിങ്ങിക്കൂടിയിരിക്കുന്നവരെക്കുറിച്ചും അടുത്തു കാണാത്തവരെക്കുറിച്ചും കർത്താവിനെ ശ്രേഷ്യസൂതിരുമേനിയാൽ അനുഗൃഹനായി പരിശുദ്ധ പിതാവു് മൈതാനത്തിൽ കൂടെ ചുറ്റിസഞ്ചരിക്കുകയാണ്.

ഇരുകൈകളും വിരിച്ചുപിടിച്ച അജഗണങ്ങളെ അനുഗ്രഹിക്കുന്ന ആ നല്ല ഇടയന്റെ രൂപം ക്യാമറയിൽ മായാതെ നില്ക്കുന്നു. മുഖകാന്തിയുടെ പരിവേഷത്തിൽ ഉത്ഭാസിക്കുന്ന സ്നിഗ്ധരേഖ അനവദ്യമാണ്.

വെള്ളയുടുപ്പും കറുപ്പുമായ പട്ടം മൂടിത്തൊപ്പിയും! തീർന്നു ആ രാജാധിരാജപ്രതിനിധിയുടെ വേഷവിധാനങ്ങളും. പൊൻകുരിശും മാലയും പാവനാംശുക്കളുമണിഞ്ഞ ഊരിക്കൊട്ടത്ത തിരുമനസ്സിലേക്കെത്തിനോക്കാൻ വണ്ണപ്പൊലിമയുള്ള ആടയാഭരണങ്ങളും?

സാഹസമോ ബാലിശമോ?

ആ തേച്ചുക്കുളും സാവധാനം ഉരുളുകയാണ്. കാലത്തിന്റെ പരിവർത്തനങ്ങളെ അതിജീവിച്ച നൂറാണ്ടുകളുടെ വീരിമാലിയുടെ കടന്നുവന്ന പേപ്പൽ സിംഹാസനത്തിന്റെ നവ്യപ്രതീകമാണതു്. കടലുകൾക്കപ്പുറത്തുനിന്നു സാവ്വത്രികസഭയുടെ വിധാതാവും നിയന്താവും ഇതാ ഭാരതമക്കളുടെ മദ്ധ്യത്തിലേക്കവന്നിരിക്കുന്നു.

അവിടെ തിങ്ങിക്കൂടിയ ജനങ്ങളെ മാറിനിന്നതിനു ആ ജീപ്പിനു വഴിയുണ്ടാക്കുവാൻ ഒരു പോലീസുകാരന്റെ ആവശ്യം വേണ്ടിവന്നില്ല. ആക്കം കുന്ന മാറി നില്ക്കാനിടമില്ലെങ്കിലും ജീപ്പുനീങ്ങുവാൻ സ്ഥലമുണ്ടായി.

ഞാൻ നിന്നിടത്തുതൊട്ടരുമ്മിയെന്നപോലെയാണ് ആ വാഹനം നീങ്ങിയതു്. കുന്ന കൈനീട്ടിയാൽ പരിശുദ്ധ പിതാവിന്റെ വെള്ളയങ്കിയിൽത്തൊട്ടുനോക്കാം. പക്ഷേ അതു സാഹസമാവും; അല്ലെങ്കിൽ ബാലിശമാവാം. എന്റെ കൈകൾ മുകളിലുയർത്തി. കാൽമുട്ടുകൾ താനേ മടങ്ങി. പക്ഷേ നിലത്തുനന്നുവാൻ സാധിച്ചില്ല; ആളകടം തിങ്ങിക്കൂടി നില്ക്കുകയാണ്.

മാലാഖമാരുടെ കണ്ണുകൾ

ആ 'ജൈത്രയാത്ര' അവസാനിക്കുവാൻ ഏകദേശം മുക്കാൽ മണിക്കൂർ വേണ്ടിവന്നു. അനന്തരം മെത്രാഭിഷേകകർമ്മം നടക്കുകയാണ്. അഞ്ചു ഉദ്ഭണ്ഡങ്ങളിൽനിന്നു ആഹ് രാജകുമാരന്മാർ തിരുസ്സഭയിൽ അഭിഷിക്തരാവുന്നു. പരിശുദ്ധപിതാവിന്റെ കാർമ്മികത്വത്തിൽ പരുങ്കുകർമ്മം ആരംഭിച്ചു. ഗാനയന്ത്രങ്ങളും മുഖരിതമായി, മെത്രാഭിഷേകകർമ്മത്തിന്റെ വിവിധ ഘട്ടങ്ങൾക്കു സാങ്കേതിക വിശദീകരണങ്ങളും ലഭിച്ചു.

എല്ലാ കണ്ണുകളും ആ ബലിപീഠത്തിൽത്തന്നെ ദത്താവധാനങ്ങളായി. നൂറാണ്ടുകളായി. തിരുസ്സഭയുടെ അഖണ്ഡതയും അനന്യതയും നിലനിറുത്തുന്ന മെത്രാന്മാരുടെ ശ്രേഷ്ഠവചയിൽ ആറു കണ്ണുകൾകൂടെച്ചേർക്കപ്പെട്ടു. മിന്നിത്തിളങ്ങുന്ന വൈഡൂര്യവിളക്കുകൾക്കു മീതെ നീലാകാശത്തിൽ നക്ഷത്രവിളക്കുകളും തെളിഞ്ഞുനിന്നു. അവ കാലത്തിന്റെ കരിമേഘച്ചെപ്പുകൾക്കു മാസ്മരാനാവാത്ത ആയിരമായിരം മാലാഖമാരുടെ കണ്ണുകളായിരിക്കാം.

.....

പറുദീസാനഷ്ടം

മിൽട്ടന്റെ എല്ലാ ചിന്താഗതികളുടെയും നട്ടെല്ലായകഭാവം വഹിച്ചതു് പ്യൂരിട്ടനിസമായിരുന്നു. തനിക്കുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സമസ്ത ഗുണഗണങ്ങളും ദൈവത്തിന്റെ പ്രതിസമ്മാനങ്ങളാണെന്നു് അദ്ദേഹത്തിനു് ബോധ്യമുണ്ടായിരുന്നു. തനിക്കു ലഭിച്ച അവിതരസാധാരണമായ കാവ്യപ്രതിഭയേയും ചിന്തയും ദൈവത്തിന്റെ അപാരമായ കഴിവുകളെ പ്രശംസിക്കുവാനും പുകഴ്ത്തുവാനുമാണ് അദ്ദേഹം വിനിയോഗിച്ചതു്.

കെ. ഡി. പോളി

അചഞ്ചലമായ ദൈവവിശ്വാസിയായിരുന്ന മിൽട്ടൻ. നിർശ്വരത്വവാദത്തെ നഖശിഖാന്തം എതിർക്കുകയും ശാസ്ത്രീയ സത്യങ്ങൾകൊണ്ടും യുക്തികൊണ്ടും ദൈവമുണ്ടെന്നു് തന്റെ വിശ്വവിഖ്യാതമായ കൃതികളം വഴി അദ്ദേഹം സ്ഥാപിയ്ക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ കവിതകളെ സ്പർശിച്ചു് രേഖപ്പെടുത്തുന്നതിനു് മുമ്പു് അദ്ദേഹം എന്തുകൊണ്ടാണ് 'പാരഡൈസ് ലോസ്റ്റ്' എന്ന വിശപ്രഖ്യാതമായ ഈ മഹാകാവ്യം രചിക്കുവാനിടയായ കാരണമെന്നു് ആരായുന്നതു് അത്യന്തം രസാവഹമായിരിക്കും. കാരണം ഇതിനെ സ്പർശിച്ചു് അനവധി സങ്കല്പകഥകളും ആ കാലഘട്ടത്തിൽ യൂറോപ്പിലാകെ പ്രചരിച്ചിരുന്നു. ഈ വിശ്വമഹാകാവ്യം രചിക്കുവാൻ ആരംഭിച്ച കാലഘട്ടത്തിൽപലപ്പോഴും അദ്ദേഹത്തിനു് ചില ദിവ്യസാപ്നങ്ങൾ നിദ്രാവേളയിൽ അനുഭവപ്പെടാറുണ്ടായിരുന്നു. ഈ ദിവ്യസ്വപ്നത്തിനിടക്കു് ഒരശരീരിയും അദ്ദേഹം ശ്രവിച്ചിരുന്നുവെന്നാണ് പറയപ്പെടുന്നതു്. സാധാരണ അനുവാചകനു് ഉർഗ്രഹമായ ദൈവത്തിന്റെ പ്രബോധനങ്ങളും അത്യന്തം സരളവും ലഘുവുമാക്കിക്കൊണ്ടു് സാധാരണക്കാരനു് എളുപ്പത്തിൽ ഗ്രഹിക്കുവാൻ പ്രാപ്തമാക്കുക എന്നു് എല്ലാ ദിവ്യസാപ്നങ്ങളിലും ദൈവം അദ്ദേഹത്തെ ഉൽബോധിപ്പിച്ചു. ഈ പ്രബോധനങ്ങൾക്കനുസൃതമായിട്ടാണ് അദ്ദേഹം ഈ മഹാകാവ്യം രചിച്ചിട്ടുള്ളതു്. ദൈവത്തിന്റെ പ്രബോധനങ്ങളെ അത്യന്തം ലളിതവും സരളവുമാക്കിക്കൊണ്ടു് മനുഷ്യമനസ്സുകളെ ദൈവത്തിലേക്കു് അടുപ്പിക്കുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. തന്മൂലം ഇംഗ്ലീഷ് ഭാഷാകൈകര്യം ചെയ്യുന്ന എല്ലാ ജനവിഭാഗങ്ങളിലും അദ്ദേഹത്തിന്റെ കവിതകൾക്കു് ഹർദ്ദമായ സ്വീകരണമാണ് ലഭിച്ചിട്ടുള്ളതു്.

പ്യൂരിട്ടനിസം

അദ്ദേഹത്തിന്റെ എല്ലാ ചിന്താഗതികളുടെയും നട്ടെല്ലായകഭാവം വഹിച്ചതു് പ്യൂരിട്ടനിസമായിരുന്നു. തനിക്കുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ സമസ്ത ഗുണഗണങ്ങളും ദൈവത്തിന്റെ പ്രതിസമ്മാനങ്ങളാണെന്നു് അദ്ദേഹത്തിനു് ബോധ്യമുണ്ടായിരുന്നു. തനിക്കു ലഭിച്ച അനിതരസാധാരണമായ കാവ്യപ്രതിഭയേയും ചിന്തയും ദൈവത്തിന്റെ അപാരമായ കഴിവുകളെ പ്രശംസിക്കുവാനും പുകഴ്ത്തുവാനുമാണു് അദ്ദേഹം വിനിയോഗിച്ചതു്. അന്ധതയും നിത്യദാരിദ്ര്യവും ഭരണാധികാരി വർഗ്ഗത്തിന്റെ മർദ്ദനങ്ങളും തന്റെ രക്ഷക്കു വേണ്ടി ദൈവം അയക്കുന്ന പ്രതിസമ്മാനങ്ങളാണെന്നു് നിനച്ചുകൊണ്ടു് അദ്ദേഹം ഒട്ടുംതന്നെ അചഞ്ചലനായിരുന്നില്ല. പ്രത്യുത ദൈവത്തിലേക്കു് കൂടുതൽ കൂടുതൽ അടുക്കുകയാണു് അദ്ദേഹം ചെയ്തതു്. മനുഷ്യന്റെ പ്രവൃത്തികളേയും സേവനങ്ങളേയും മാത്രം അടിസ്ഥാനമാക്കിയില്ല ദൈവമഹത്വം അടങ്ങിയിരിക്കുന്നതെന്നു് അദ്ദേഹത്തിനു് അഭിപ്രായമുണ്ടായിരുന്നു. എല്ലാ കഷ്ടപ്പാടുകളും ദുരിതങ്ങളും ദൈവം അറിഞ്ഞുകൊണ്ടുതന്നെ വരുന്നവയാണെന്നുള്ള വിശ്വാസംമൂലം അത്തരം കഷ്ടപ്പാടുകളേയും ദുരിതങ്ങളേയും ക്ഷമയോടുകൂടി സഹിക്കുവാനാണ് അദ്ദേഹം തന്റെ മനസ്സിനു ധൈര്യങ്ങളിലും ക്ലേശങ്ങളിലും ചഞ്ചലപ്പെടുന്ന വിശ്വാസികൾക്ക് അദ്ദേഹത്തിന്റെ ക്ലേശപൂർണ്ണമായ ജീവിതം ഒരു മാതൃകയാകുന്നു. പ്രിയപ്പെട്ടവരുടെ മരണം മനുഷ്യമനസ്സിനെ വൈഷമ്യമായി ബാധിപ്പിക്കുന്ന കണ്ണീരിയനും അദ്ദേഹം വിശ്വസിച്ചിരുന്നു.

വിദ്യാഭ്യാസം

മെർച്ചന്റ് ടെയ്ലേഴ്സ് സ്കൂളിലാണ് മിൽട്ടൻ തന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. അത്യന്തം വായനാശീലനായിരുന്ന ബാലനായ മിൽട്ടൻ. ഗ്രന്ഥപാരായണത്തിൽ ആസക്തനായ ആ ബാലൻ ജോലിയുടെ നേരങ്ങളിലും കടന്നു പോകുന്നതു് പലപ്പോഴും അറിഞ്ഞിരുന്നില്ല. തന്മൂലം കേവലം മൂന്നോ നാലോ മണിക്കൂർ മാത്രമാണ് നിദ്രക്കു വേണ്ടി ആ ബാലനായ വിദ്യാർത്ഥി ചിലവഴിച്ചിരുന്നതു്. സ്കൂൾവിലെടുക്കുന്ന പാഠ്യവിഷയങ്ങളെക്കാൾ ശ്രദ്ധയോടുകൂടി മനസ്സിലാക്കുകയും ഏകാഗ്രചിത്തതയോടു കൂടി പാഠ്യവിഷയങ്ങൾ പഠനം ചെയ്യുകയുംനിമിത്തം ഗ്രന്ഥങ്ങളല്ലാതെതന്നെമുട്ടുകാരിയായിവളരെയധികം സൗഹൃദങ്ങളൊന്നും അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിശ്രമവേളകളിൽപോലും മുഖ്യാസത്തിനും വിനോദത്തിനും വേണ്ടി [ചിലവഴിക്കുന്നതിലേറെ ഗ്രന്ഥപാരായണത്തിനാണ് ആ സമയം വിനിയോഗിച്ചതു്. സ്വാഭാവികമായ ലജ്ജയും നാണംകുണുങ്ങിത്തവും ബാലനായ മിൽട്ടനെ കളിയാക്കുന്നതു് മുതിർന്നവർക്ക് ഒരു പതിവായിരുന്നു.

കോളേജിൽ

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനു് ശേഷം ക്രൈസ്റ്റ് കോളേജിലും കേമ്പ്രിഡ്ജ് സർവ്വകലാശാലയിലുമായിട്ടാണ് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ദൈവഭക്തിയും സ്ത്രീസഹജമായ സ്വഭാവവിശേഷങ്ങളും നിമിത്തം ''ദൈവദാസി'' എന്ന ഓമനപ്പേരിലാണ് കലാലയത്തിൽ അറിയപ്പെട്ടിരുന്നതു്. പക്ഷേ കോളേജ് ട്യൂട്ടറുമായി ശണ്ഠകൂട്ടുക എന്നുള്ളതു് ഈ 'ദൈവദാസി'യുടെ ദൈനംദിനകർമ്മമായിരുന്നു. തൽഫലമായി ഒരു സന്ദർഭത്തിൽ കോളേജിൽനിന്നും ദൈവദാസി സസ്പെൻഡ് ചെയ്യപ്പെട്ടു. പക്ഷേ 'ദൈവദാസിയെ' സ്നേഹിച്ചിരുന്ന വിദ്യാർത്ഥികളുടെ ശ്രമഫലമായി ഈ സസ്പെൻഷൻ പിൻവലിക്കപ്പെട്ടു. തന്റെ ഇരുപത്തിനാലാമത്തെ വയസ്സിലാണ് അദ്ദേഹം ബി. എ. ഡിഗ്രി കരസ്ഥമാക്കിയതു്. വിദ്യാഭ്യാസം വീണ്ടും തുടരുകയും 24-ാമത്തെ വയസ്സിൽ എം. എ. ഡിഗ്രി കരസ്ഥമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിതാവിന്റെ പേരും ജോൺ മിൽട്ടൺ എന്നുതന്നെയായിരുന്നു. പക്ഷെ പേരിലുള്ള ആശയക്കുഴപ്പം ദൂരീകരിക്കുവാൻ വേണ്ടി പിതാവിനെ ജോൺ മിൽട്ടൺ സീനിയർ എന്നും പുത്രനെ ജോൺ മിൽട്ടൺ ജൂനിയർ എന്നുമാണ് വിളിച്ചിരുന്നതു്. ജോൺ മിൽട്ടൺ സീനിയറിന്നു് ആധാരമെഴുത്തായിരുന്നു മുഖ്യതൊഴിൽ. നല്ലൊരു സംഗീതജ്ഞനും ദൈവഭക്തനുമായിരുന്നതുകൊണ്ടു് പള്ളിയിലെ സംഗീതപരിപാടികൾക്കു് അദ്ദേഹമാണ് നേതൃത്വം കൊടുത്തിരുന്നതു്. തന്റെ പ്രിയപുത്രനെ ഒരു പുരോഹിതനാക്കണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പക്ഷെ തന്റെ പുത്രൻ ഒരു കവിയായി തീരുമാനാണ് ദൈവനിശ്ചയം.

വിദ്യാഭ്യാസത്തിലെ വിജയികൾ

തൃശ്ശൂർ, ഏപ്രിൽ 3

സഹകരണവകുപ്പിന്റെ വിദ്യാഭ്യാസപ്രചരണ പരിപാടിയനുസരിച്ചു് ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലാ അടിസ്ഥാനത്തിൽ സഹകരണം, പഞ്ചായത്തുരാജ്, എന്നീ വിഷയങ്ങളെ സംബന്ധിച്ചു ഓരോ പ്രബന്ധരചനാ മത്സരം നടത്തപ്പെടുകയുണ്ടായി. സഹകരണത്തെ സംബന്ധിച്ചുള്ള പ്രബന്ധരചനാമത്സരത്തിൽ വേലൂർ ആർ. എസ്. ആർ. വി. ഹൈസ്കൂളിലെ പത്താം സ്റ്റാന്റേർഡ് വിദ്യാർത്ഥികളായ എം. ബാലകൃഷ്ണൻ ഒന്നാം സമ്മാനത്തിനും, പി. കുഞ്ഞിക്കൃഷ്ണൻ രണ്ടാം സമ്മാനത്തിനും, ജോസഫ് സൈമൺ മൂന്നാം സമ്മാനത്തിനും അർഹരായി. പഞ്ചായത്തുരാജ് എന്ന വിഷയത്തിൽ നടത്തപ്പെട്ട പ്രബന്ധരചനാ മത്സരത്തിൽ തൃശ്ശൂർ മോഡൽ ഗേൾസ് ഹൈസ്കൂളിലെ കെ. കെ. സുലോചനയ്ക്കു് ഒന്നാം സമ്മാനവും, ശശികല കെ. നായർക്ക് രണ്ടാം സമ്മാനവും, ചേപ്പ് സി. എൻ. എൻ. ഗേൾസ് ഹൈസ്കൂളിലെ യു. വിജയലക്ഷ്മിക്ക് മൂന്നാം സമ്മാനവും ലഭിച്ചു. ഈ രണ്ടു പ്രബന്ധമത്സരങ്ങളിലും ഒന്നാം സമ്മാനം 75 കയും, രണ്ടാം സമ്മാനം 40 കയും, മൂന്നാം സമ്മാനം 20 കയുമാണ്. വിജയികൾക്ക് ജില്ലാ കലക്ടർ ഈ സമ്മാനങ്ങൾ നല്കുന്നതായിരിക്കും.

.....

മൂന്നാറിലെ കാലിത്തീറ്റ ഗവേഷണ കേന്ദ്രം

പതിമൂന്നര ലക്ഷം രൂപ ചിലവുവരുന്ന ഒരു ഇന്തോ-സ്വിസ് പ്രോജക്ട്

എറണാകുളം, ഏപ്രിൽ 3

മൂന്നാറിലെ ഇന്തോ-സ്വിസ് ഡയറി പ്രോജക്ടിനോടനുബന്ധിച്ചുള്ള കാലിത്തീറ്റ ഗവേഷണ കേന്ദ്രത്തിൽ ഇതുവരെ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ ഫലങ്ങൾ പ്രോത്സാഹജനകമാണെന്ന് പ്രോജക്ടിന്റെ ഒരു റിപ്പോർട്ടിൽ കാണുന്നു. ക്ലോവർ, റൈ തുടങ്ങിയ ഇനം സ്വിസ് വല്ലകൾ കേന്ദ്രത്തിൽ പരീക്ഷണാത്മം കൃഷി ചെയ്യുവരുന്നുണ്ട്.

1963 സെപ്തംബറിൽ പ്രവർത്തനമാരംഭിച്ച പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ, കാലിത്തീറ്റയില്ലാദനത്തിനും മികച്ച ഇനം കന്നുകാലികളെ വളർത്തിയെടുക്കുന്നതിനും ക്ഷീര വ്യവസായത്തിന്റെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും മാർഗ്ഗങ്ങളും ആവിഷ്കരിക്കുകയാണ്. ഇതിനായി കേരള ഗവർമ്മെണ്ട് പ്രോജക്ടിനു് 500

വിജയലക്ഷ്മിയും കൃഷ്ണമേനോനും കേന്ദ്രമന്ത്രിസഭയിലേയ്ക്ക്?

ശാസ്ത്രിനേതൃത്വം അപമാനഭാരംകൊണ്ട് തലകുനിക്കുന്നു

ഇന്ത്യൻ പാർല്ലമെൻറ് വെടിമരുന്നറയിൽ പൊട്ടലും ചീറ്റലും

(സ്വന്തം പ്രതിനിധി) ന്യൂഡൽഹി, ഏപ്രിൽ 3

ഇന്ത്യൻ പാർലമെൻറ് ഇന്നൊരു വെടിമരുന്നറയായി മാറിയിരിക്കുകയാണ്. ഏതാനും നാഴികകൊള്ളിൽ ആ വെടിക്കെട്ടുശാലയിൽ തീപ്പൊരി വീഴും. പിന്നെ എന്തൊക്കെ സംഭവിക്കുമെന്നു് ഭരണാധിപന്മാക്കോ പ്രതിപക്ഷങ്ങൾക്കോ ഒരു പിടിപാടുമില്ല.

ഏറെ നാളുകളായി കേന്ദ്രമന്ത്രിസഭയുടെ അന്തരീക്ഷത്തിൽ കരിമേഘങ്ങൾ അരിച്ചുകയറാൻ തുടങ്ങിയിട്ടു്. പല പ്പോഴും അതിനകത്തു് ഉണ്ടായിട്ടുള്ള ഇടിമിന്നലുകൾ ഞെട്ടിപ്പിക്കുന്നതുമായിരുന്നു. ആ കരിമേഘങ്ങൾ ഇപ്പോഴും അടർന്നുവീഴാൻ തയ്യാറായിനിന്നെയാണു് നിൽപ്പു്. പശ്ചിമക്കാരുടെ പ്രമാണംപോലെ കാറു് തെക്കുനിന്നു് വടക്കോട്ടാണു്. കേരളത്തിൽനിന്നു് ഊന്നുന്ന ഈ തെക്കൻകാറ്റ് ചെന്നുമുട്ടുന്നതു് അങ്ങു് വടക്കു് കാശ്മീരിലും ലഡാക്കിലും ഏല്ലാമാണു്. പക്ഷെ എങ്ങിനെ ആയു പെയ്യാതിരിക്കും?

അങ്ങിനെ ഭീതിതമായ ഒരന്തരീക്ഷത്തിലാണു് പാർലമെൻറിന്റെ ഉള്ളിലായിൽ ഒരു അഗ്നിപർവ്വതം പുകഞ്ഞുതുടങ്ങിയതു്. ഇന്നത്തെ നിലയിൽ അതു് പൊട്ടി തെറിച്ചു് അടുത്തുതന്നെ ലാവ പുറത്തുവരും. അല്ലാതെ ഈ പുകച്ചിൽ എത്രനാൾ തുടരും?

കഴിഞ്ഞ അവസരത്തിൽ ശ്രീമതി വിജയലക്ഷ്മിപണ്ഡിറ്റ് പാർലമെൻറിൽവെച്ചു് ശാസ്ത്രിയുടെ നേക്കു് നടത്തിയ 'ആക്രമണം' ഇന്നുകൂടി മുകാനാണു് ഇനി സാദ്ധ്യത. അവരുടെ ആ 'കയ്യേറ്റപ്രസംഗ'ത്തിൽ, കാശ്മീർ മുതൽ കേരളം വരേയും ഷേക് മുതൽ വിയറ്റ് നാംവരേയുള്ള കാര്യങ്ങളിൽ ശാസ്ത്രിഗവണ്മെണ്ടു് എടുത്ത നിലപാടു് തീരെ ബലഹീനമായിരുന്നു എന്നു് തറപ്പുപറഞ്ഞിരുന്നു. അന്നാ പ്രസംഗത്തെ കയ്യടിച്ചു് അംഗീകരിച്ച കോൺഗ്രസ്പ്രതിപക്ഷനേതാക്കളും വിജയലക്ഷ്മിതന്നേയും തങ്ങളുടെ നിലപാടുകൊണ്ടു് കൂടുതൽ സ്ഥിരീകരണം ലഭിച്ചുതിൽ ഉള്ളിൽ സന്തോഷിക്കുന്നുണ്ടാകാം.

ഷേക് എന്ന കീറാമുട്ടി

ഷേക് അബ്ദുള്ള ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറെക്കാലമായി ഒരു കീറാമുട്ടി പ്രശ്നമായിരുന്ന അദ്ദേഹത്തെ ജയിലിലടച്ചതുമുതൽ കൂടുതലായിട്ടുവരെയുള്ള കാര്യങ്ങളിൽ, നെഹറുവാണു് പ്രധാന കഥാപാത്രമെങ്കിലും, കോൺഗ്രസ്സിലെ ഒരു വലിയ വിഭാഗത്തിനു് കടുത്ത അതൃപ്തിയുണ്ടായിരുന്നു. ആ വലിയ മനുഷ്യനെ മുമ്പിൽ കാല്പനിച്ചുനിൽപ്പാൻ മാത്രംപോന്ന അവർ അന്നു് ആ അമർഷം അമർത്തിപ്പിടിച്ചുവെങ്കിലും ഇന്നു് ഷേക്ക് പ്രശ്നത്തിൽ ശാസ്ത്രി എന്ന ചാഞ്ഞ മരത്തിൽ കയറിനിന്നു് കൊഞ്ഞനം കാട്ടുകയാണു്. പോരെങ്കിൽ ഷേക് വന്നു് ഈ ഒരു കൊല്ലത്തിനുള്ളിൽ ഒരു "ഗന്ധർവ്വ മനുഷ്യനാ"യി തീർന്നിരിക്കുന്നു.

ഷേക്കിനു് വിദേശ പര്യടനത്തിനു് പാസ്പോർട്ടു് നല്കുന്ന കാര്യത്തിൽതന്നെ കടുത്ത എതിരഭിപ്രായങ്ങളുണ്ടായിരുന്നു. അതൊക്കെ ഒരുവിധം പറഞ്ഞൊതുക്കി അദ്ദേഹത്തെ കടലക്കരെ കടക്കാൻ കേന്ദ്രനേതൃത്വം സമ്മതിക്കയാണു് ചെയ്തതു്. അപ്പോഴാണു് ഷേക് എന്ന സാക്ഷാൽ മനുഷ്യനെ കേന്ദ്രം കണ്ടതു്. ഇനി ആ കാര്യത്തിൽ കുറ്റം ചെയ്യാൻ വയ്യാത്ത അവസ്ഥയാണു് ഇന്ത്യയ്ക്കുള്ളതെന്നു് ഗോളടിച്ചു. കണ്ണം പകുതിയിൽ ഇ. എം. ഇ.യുടെ ഗോൾമുഖത്തായിരുന്നു അധികവും കളിച്ചിരുന്നതു്. ഇ. എം. ഇ. യുടെ ശാസ്ത്രീയമായ കളിയുടെ മിഴിവു് കണ്ണംപകുതിയിൽ പ്രദർശിപ്പിക്കുന്നതിനു കഴിഞ്ഞില്ല.

രണ്ടാംപകുതിയിൽ ഒരു പുതിയ ആവേശത്തോടുകൂടിയാണു് ഇ. എം. ഇ. ഗ്രൌണ്ടിൽ പ്രവേശിച്ചതു്. കാറ്റു തിരിഞ്ഞുവീശാൻ തുടങ്ങി, റൈറ് ഇൻ വിദ്യുമീൻ കിട്ടിയ "ചാൻസു" നഷ്ടപ്പെടുത്തി. വാസ്കോയുടെ പിൻനിര ഏതാണ്ടു് തകർന്നപോലെ കാണപ്പെട്ടു. ഇ. എം. ഇ.യുടെ പോസ്റ്റിലേക്കു പന്തു കയറുന്നതു വിദൂരമായിതുടങ്ങി. എങ്കിലും 12-മത്തെ മിനിറ്ററിൽ വാസ്കോയുടെ സ്വരൻസിങ്ങിന്റെ ശ്രദ്ധവം തീരെ മങ്ങിയ നിലയിലാണു് കാണപ്പെട്ടതു്. ശാസ്ത്രിയുടെ നെറ്റിത്തടത്തിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞുകൊണ്ടിരുന്നതുപോലെ അദ്ദേഹം ഫാനിന്റെ മുഖവട്ടിച്ചിരുന്നതുതന്നെ അതു് ഒപ്പുന്നതും കാണികളുടെ സഹതാപം അഭ്യർത്ഥിക്കാൻപോലുമായിരുന്നു.

പ്രതിപക്ഷങ്ങളുടെ ചോദ്യങ്ങൾക്കു് എന്തു് മറുപടി കൊടുക്കണമെന്നു് ശാസ്ത്രിയും സ്വരൻസിങ്ങും തപ്പിപ്പിടിച്ചിരുന്ന കാഴ്ച പരമദയനീയമായിരുന്നു. കൂടുതൽ ചുവപ്പുകൊടി കാണിച്ച വങ്ങിനിന്നുതി. വങ്ങിയിലെ ഡ്രൈവറും മറ്റാളുകളുംകൂടി വന്നു് റെയിൻവേപാളത്തിൽനിന്നു് മൽനമേറാ ആളെ മാറ്റികിടത്തിയതിനുശേഷമാണു് ടെയിൻ വിട്ടുപോയതു്. തുടന്നു് അവിടെവന്നുകൂടിയ നാട്ടുകാരുടെ സഹായത്തോടുകൂടി രാമകൃഷ്ണനെ കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. രാമകൃഷ്ണന്റെ പരുക്കുകളും ഏറ്റിട്ടുള്ള സ്ഥാനങ്ങളിൽ താർ,കയർതെണ്ണ മുതലായവ പൂരട്ടിയിരുന്നു. ടെയിൻ കയറി രാമകൃഷ്ണൻ മരിച്ചതായി വരുത്തി തീർക്കാനുള്ള ഒരു ശ്രമമായിരുന്നു ഇതെന്നു പറയപ്പെടുന്നു. ഇയാളുടെ നില ഗുരുതരമാണെന്നാണു് അറിയുന്നതു്.

കുറച്ചു നാളുകൊണ്ടുമുമ്പു് അജ്ഞാതനായ ഒരാളുടെ ശവം ടെയിൻ കയറി ഈ സ്ഥലത്തുതന്നെ കണ്ടതും ഇതുതന്നെ ഞത്തിൽ സൂരണ്യമാണു്. കൂടാതെ ഇതേ സ്ഥാനത്തുതന്നെ മുഖംമൂടി ധരിച്ചു കുറെ ഗൈഡികൾ ഒരു ഗ്രൂപ്പായി പ്രവർത്തിക്കുന്നുവെന്നും പരാതിയുണ്ടായിട്ടുണ്ടു്. പ്രസ്തുത സംഭവങ്ങളെപ്പറ്റി നാട്ടുകാരും രാമകൃഷ്ണന്റെ ബന്ധുക്കളും കോട്ടയം കളക്ടർ, ഡി. എസ്. പി., ഐ. ജി., ചീഫ്സെക്രട്ടറി, അഡൈസർ എന്നിവർക്കു് പരാതികൾ അയച്ചിട്ടുള്ളതായും അറിയുവാൻ കഴിഞ്ഞു.

നവജീവനിൽ കത്തിയിരിപ്പു് തുടരുന്നു

തൃശ്ശൂർ, ഏ. 2

"നവജ്വനി"ലെ ഡെസ്പാച്ചിങ്ങ് വിഭാഗത്തിലെ തൊഴിലാളികൾ അവരുടെ റി ടൈബ്മെന്റ് കോമ്പൻസേഷൻവേണ്ടി നടത്തിവരുന്ന കത്തിയിരുപ്പുസത്യഗ്രഹത്തിനുതുടരുകയുണ്ടായി. ഇന്നലെരാത്രി മാനേജ്മെന്റു് പോലീസിനെ വിളിച്ചുവരുത്തി തൊഴിലാളികളെ നീക്കംചെയ്യുന്നതിനു് ആവശ്യപ്പെടുകയുണ്ടായെന്നും തൊഴിലാളികളുടെ ഒരു പ്രസ്താവനയിൽ പറയുന്നു.

ആനുകൂല്യങ്ങൾ നൽകാമെന്നു് രേഖാമൂലം ഉറപ്പുകൊടുക്കുകയും അവയിൽ ചില ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനുശേഷം പുതിയ ആവശ്യങ്ങൾ ഉന്നയിക്കുകയും ഓഫ്സീസുള്ളിൽ കടന്നു് ഇരിപ്പുറപ്പിക്കുകയും ചെയ്യുന്നതു് തൊഴിലാളിവർഗ്ഗത്തിനാകെ ദോഷകരമായ പ്രവണതയാണെന്നു് നവജീവൻ മാനേജ്മെൻറ് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

.....

ഗ്രന്ഥവിഹാരം

5-ംപേജിൽനിന്നു തുടർച്ച

ശാഖയിൽ മലയാളത്തിനും അധികം ഗ്രന്ഥങ്ങളില്ല. ആ കുറവു് പെറിയ തോതിൽ നികത്തുവാൻ ഈ ശ്രമം നിശ്ചയമായും പ്രയോജനപ്പെടും.

വിവിധങ്ങളായ വിഷയങ്ങളെക്കുറിച്ചെഴുതിയിരിക്കുന്നു. [illegible]നോദർശ്ശനം, അപകടഷ്ടാബോധം ഭോഗവും മരണവും, മനസ്സു്, കറാവാളികം, പരാജയം, ആത്മവിശ്വാസം എന്നിങ്ങനെ പോകുന്നു വിഷയങ്ങൾ. ഒന്നിനെക്കുറിച്ചും സമഗ്രമായി ചെയ്തിട്ടില്ല. അതുല്ല ഗ്രന്ഥകർത്താവിൻറെ ലക്ഷ്യവും. സാധാരണ വാരാന്ത്യപ്രതിപാദിച്ചുകളിലൂടെ പുറത്തുവരുന്ന തരത്തിലുള്ള ലഘുപന്യാസങ്ങളാണവ. എന്നാൽ "നമ്മുടെ സമീപനങ്ങൾ" എന്ന ലേഖനം വിഷയത്തെ പോലെ വിശകലനംചെയ്തു് വിപുലീകരിച്ചു് എഴുതിയിരിക്കുന്നു.

ആക്ഷം മനസ്സിലാകുന്ന ഭാഷയിലും രീതിയിലുമാണു് ശ്രീ. പി. എ. ജോസഫ് തൻറെ ഈ കൃതി നിർമ്മിച്ചിരിക്കുന്നതു്. പൊതുവായനശാലകളിലും സ്കൂൾ ലൈബ്രറികളിലും സ്ഥാനം പിടിക്കേണ്ട ഒരു കൃതിയാണിതെന്നു നിസ്സംശയം പറയാം.

മതിലുകൾ

[ഗ്രന്ഥകർത്താവു്: ബഷീർ
പ്രസാധകർ: കറൻറ് ബുക്സ് തൃശ്ശൂർ
വില: 1-25, പുറം: 64]

വൈക്കം മുഹമ്മദ് ബഷീർ മലയാളത്തിലെ ഡി. എച്ച്. ലോറൻസാണു്. കരിജിനാലിറിറിയുള്ള ഭാഷയിലെ ഏറവും നല്ല കഥാകാരനും ബഷീറാണു്. എന്നും രസകരമായി ആവിഷ്കരിക്കുമാത്രമല്ല ഏതു കഥയിലേയും കഥാപാത്രങ്ങളും അദ്ദേഹംതന്നെയായിരിക്കുകയും ചെയ്യും.

'മതിലുകൾ' എന്നതു് ഒരു നോവലൊന്നാണു്. ആകെ 64 പേജുകൾമാത്രം. പ്രധാന കഥാപാത്രം ബഷീർ തന്നെ. കഥാനായകനെ ജയിലിലാക്കി, ബ്രിട്ടീഷ്സർക്കാർ. കാരണമെന്തന്നല്ലേ? ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ ലക്ഷ്യമാക്കിപ്രവർത്തിക്കുന്നതിന്റെ അദ്ദേഹം എഴുതിപോലും. അതു് അക്കാലത്തു രാജ്യദ്രോഹമാകുമായിരുന്നുവല്ലോ. തന്മൂലം കഥാനായകൻ ജയിലിലായി, അദ്ദേഹത്തിൻറെ ജയിലിനടുത്തായിരുന്ന പെൺജയിൽ. പെൺജയിലിലെ 'നാരായണി'യെ ബഷീർ പരിചയപ്പെട്ടു. എങ്ങിനെയെന്നല്ലേ? സംസാരത്തിലൂടെമാത്രം. അവർ തമ്മിൽ കരിക്കൽപ്പോലും കാണുകയുണ്ടായില്ല. തൻറെ ശരീരത്തിൻറേയും മനസ്സിൻറേയും പടം അവിടെ വാക്കുകളിലൂടെ കാടുകനും പകർന്നുകൊടുത്തു. അവൻ അവരുടെ. അവർ ഹൃദയത്തിലെ മോഹത്തിനു് ശമനമായിട്ടുവാൻ മതിലിനെയാണാശ്രയിച്ചതു്. രണ്ടുപേരും തങ്ങൾക്കു് പരയുവാനുള്ളതു് മതിലിനോടു പറഞ്ഞു് തുടങ്ങിപ്പോയി.

പദ്ധതി പ്രവർത്തനം ഒച്ചിൻറെ വേഗതയിൽ

പുരോഗതിയുടെ കണക്കുകൂട്ടലുകൾ കടലാസിൽ മാത്രമാണെന്നു്

നൂഡൽഹി, ഏപ്രിൽ 2

നിർമ്മാണത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ തീരുമാനിച്ചതിലും വളരെ പിന്നിലാണെന്നും തന്മൂലം അവയിൽനിന്നു് ഉദ്ദേശിച്ച പ്രയോജനം കിട്ടുന്നില്ലെന്നും അവർ ചൂണ്ടിക്കാട്ടി.

ജലസേചനപദ്ധതികളുടെ പുരോഗതി സംസ്ഥാനം തിരിച്ചു് ചർച്ച ചെയ്യാൻ കൂടിയ യോഗത്തിൽ വകുപ്പുമന്ത്രി മി. കെ. എൽ. റാവു് അധ്യക്ഷം വഹിച്ചു. കൂടുതൽ പദ്ധതികൾ പൂർത്തിയാക്കുന്നതിനു് ടൗൺപോലീസ് ചാർജ്ജ്ചെയ്തിരുന്ന കേസിലെ പ്രതിയാണു് അബ്ദുൾറഹിമാൻ, പുളിക്കവീട്ടിൽ അബ്ദുൾറഹിമാൻ എന്ന ഈ പുള്ളിക്കാരൻറെ വീടു് പൊന്നാനിയിലാണു്. രണ്ടരകൊല്ലത്തെ തടവുശിക്ഷയ്ക്കാണു് അബ്ദുൾറഹിമനെ വിധിച്ചിട്ടുള്ളതു്.

കഴിഞ്ഞവ കഴിയുന്നതു വേഗം പൂർത്തിയാക്കേണ്ടതു് വളരെ പ്രധാനമാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. ദേശീയ വികസന കൗൺസിൽ ഇതേ കാര്യം ഊന്നിപ്പറഞ്ഞിട്ടുള്ളതു് അദ്ദേഹം അനുസ്മരിച്ചു.

ജയിലിൽ 22-ാമത്തെ വീരനായകൻ

തൃശ്ശൂർ, ഏ. 3

കഴിഞ്ഞകാലങ്ങളിൽ 21 പ്രാവശ്യം ജയിൽശിക്ഷയനുഭവിച്ച ഒരു വിരുതനെ ഇന്നു് വീണ്ടും അഡീ. സെഷൻസ്കോടതി ജയിൽശിക്ഷക്കു് വിധിച്ചിരിക്കുന്നു.

അബ്ദുറഹിമാൻ എന്നാണു് പുള്ളിക്കാരൻറെ പേർ. കഴിഞ്ഞ ഒക്ടോബർ 26-ംനു- കൊക്കാലെവെച്ചു് പാപ്പു എന്നൊരാളുടെ റിസ്സ്വാച്ചു് മോഷ്ടിച്ചതിനു് ടൗൺപോലീസ് ചാർജ്ജ്ചെയ്തിരുന്ന കേസിലെ പ്രതിയാണു് അബ്ദുറഹിമാൻ. പുളിക്കവീട്ടിൽ അബ്ദുറഹിമാൻ എന്ന ഈ പുള്ളിക്കാരൻറെ വീടു് പൊന്നാനിയിലാണു്. രണ്ടരകൊല്ലത്തെ തടവുശിക്ഷയ്ക്കാണു് അബ്ദുറഹിമനെ വിധിച്ചിട്ടുള്ളതു്.

എം. എൽ. എ മാർ ഭാഗ്യവാന്മാർ!

[പി. ടി. ഐ.] പാറ്റ്ന, ഏ. 2

ഒരു എം.എൽ.എ യായ വാഷ്പ്രതിവാത്തിനുശേഷം, നിയമസഭാ മെമ്പർമാരുടെ ശമ്പളവും അലവൻസും സംബന്ധിച്ച ഒരു ബിൽ, ബീഹാർ ലജിസ്ലേറ്റിവു് കൌൺസിൽ പാസ്സാക്കിയിരിക്കുന്നു. ബില്ലിനു് അനുകൂലമായി 44 വോട്ടുകളും പ്രതികൂലമായി 7 വോട്ടുകളുമാണു് ലഭിച്ചതു്.

സഭയുടെ ഒരു സിലക്ട് കമ്മറിക്ക് ബിൽ അയക്കണമെന്നു മി. ഇന്ദ്രദീപ് സിംഹ[കുടുംബ]യുടെ ഒരു ഭേദഗതിയെ സഭ നേരിത്ത ശബ്ദവോട്ടുകളോടെ തള്ളിക്കളഞ്ഞു.

ഈ ബില്ലനുസരിച്ചു് നിയമസഭാംഗങ്ങളുടെ ദിനബത്ത 15 രൂപയിൽനിന്നും 20 രൂപയാക്കി വർദ്ധിപ്പിക്കും. മന്ത്രത്തിൽ 50രൂപ വാഹന അലവൻസായി ലഭിക്കും. സംസ്ഥാനത്തിനകത്തു്. ഒരു നിയമസഭാംഗമെന്ന നിലയിലുള്ള പ്രവർത്തനങ്ങൾക്കു് തീവണ്ടിയിലും ടാൻസ്പോർട്ടു് ബസ്സിലും സൌജന്യമായി യാത്ര ചെയ്യാം.

.....

സ്വകാര്യ ഫാക്ടറികൾ ഗവർമ്മെണ്ടു് പിടിച്ചെടുത്തു

(റോയിട്ടർ) സാൻസിബാർ, ഏ. 3

കയർ, സോപ്പു്, എണ്ണ, കൊപ്ര കമ്പനികളടക്കം 19 സ്വകാര്യ ഫാക്ടറികൾ സാൻസിബാർ ഗവണ്മെണ്ടു പിടിച്ചെടുത്തിരിക്കുന്നു.

